**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **23-01-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് എക്സൈസ് ടവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് എക്സൈസ് ടവർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് എക്സൈസ് ടവർ നിർമ്മാണത്തിനായി 12.03.2020 ലെ സ.ഉ (സാധാ) നം. 205/2020/നിവ പ്രകാരം 5.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ആയിട്ടുണ്ടെങ്കിൽ എപ്പോഴാണ് ടെണ്ടർ ആയതെന്നും കരാറുകാരൻ ആരാണെന്നും വ്യക്തമാക്കാമോ; | (ബി) | ടെണ്ടർ ആയിട്ടില്ല. |
| (സി) | എക്സൈസ് ടവറിന്റെ നിർമ്മാണം യഥാസമയം തുടങ്ങുവാനുള്ള തടസ്സങ്ങൾ എന്തായിരുന്നു; പ്രസ്തുത തടസ്സങ്ങൾ എല്ലാം നീക്കിയിട്ടുണ്ടോ; പുതുതായി ഏതെങ്കിലും പ്രശ്നങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; എന്നിവ വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് എക്സൈസ് ടവർ നിർമ്മാണത്തിനായി 10.12.1981 ലെ ജി.ഒ (ആർ.റ്റി) 2090/81/ആർ.ഡി പ്രകാരം 50 സെന്റ് സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ മേൽ അനുവദിക്കപ്പെട്ട സ്ഥലം 37 സെന്റ് മാത്രമേ ഉള്ളൂ എന്ന് കാസർഗോഡ് സർവ്വേ സൂപ്രണ്ട് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലത്ത് എക്സൈസ് ടവർ നിർമ്മിക്കുന്നതിന് അഞ്ച് നിലയിൽ പ്ലാൻ തയ്യാറാക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ അനുവദിക്കപ്പെട്ട 50 സെന്റ് സ്ഥലം 37 സെൻറായി കുറവ് വന്ന വിഷയം കാസർഗോഡ് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്നുള്ള പരിശോധനയിൽ 46.5 സെന്റ് സ്ഥലം ഉള്ളതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 46.5 സെൻറ് സ്ഥലത്തിന് അനുയോജ്യമായ രീതിയിൽ നേരത്തേ അംഗീകരിച്ച 5 നിലയിൽ നിന്നും അതേ സൗകര്യങ്ങൾ നാല് നിലയിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള Architectural Drawing കാസർഗോഡ് പൊതുമരാമത്ത് കെട്ടിടവിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കാസർഗോഡ് എക്സൈസ് ടവർ എപ്പോൾ യാഥാർത്ഥ്യമാകുമെന്നും ഈ സർക്കാരിന്റെ കാലത്ത് തന്നെ നാടിന് സമർപ്പിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ് ഡിവിഷനിൽ എക്സൈസ് ടവർ നിർമ്മാണത്തിനായി 46.5 സെന്റ് സ്ഥലത്തിന് അനുയോജ്യമായ രീതിയിൽ Architectural Drawing ന് അനുസരിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ